പത്രക്കുറിപ്പ്

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ച പ്രതി പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 41 പേർക്കെതിരെ നിയമനടപടി 12,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ച കേസ്സിലെ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പാൽക്കുളങ്ങര വട്ടവിളാകത്ത് പുത്തൻ വീട്ടിൽ ഷാജു എന്ന് വിളിക്കുന്ന ശശിധരൻ (41)-നെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 14-നാണ് പെൺകുട്ടിയ്ക്ക് നേരെ അതിക്രമം നടന്നത്. സംഭവത്തിന് ശേഷം കടന്നു കളഞ്ഞ ഇയാൾക്കെതിരെ പോക്സോ നിയമപ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരികയായിരുന്നു. വഞ്ചിയൂർ എസ്.എച്ച്.ഒ എസ്.ആർ.നിസ്സാമിന്റെ നേതൃത്വത്തിലുള്ള പോലീസ്



വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്ത ശശിധരൻ (41)

സംഘമാണ് ഇന്നലെ പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു..

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (21-01-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 41 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 14 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 23 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 12,500/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
21-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി